REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 08-07-2026 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **മണ്ണിടിച്ചിലുണ്ടായ വയനാട് തുരങ്കപാത നിർമ്മാണ മേഖലയിൽ രക്ഷാപ്രവർത്തനം തുടരുന്നു. മുഖ്യമന്ത്രി VD സതീശൻ ഇന്ന് സംഭവസ്ഥലം സന്ദർശിക്കും.**
- **കള്ളാടി ദുരന്തത്തിൽ മരിച്ച മൂന്ന് പേരുടെയും പോസ്റ്റുമോർട്ടം പൂർത്തിയായതായി മന്ത്രി K.മുരളീധരൻ.**
- **കനത്ത മഴ കണക്കിലെടുത്ത് കോഴിക്കോട്, വയനാട് ജില്ലകളിലെ റസിഡൻഷ്യൽ സ്കൂളുകൾ ഒഴികെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഇന്ന് അവധി.**
- **ഇന്ത്യ-ഇന്തോനേഷ്യ തന്ത്രപ്രധാന പങ്കാളിത്തം കൂടുതൽ ശക്തമാക്കാൻ പ്രധാനമന്ത്രി നരേന്ദ്ര മോദി ആഹ്വാനം ചെയ്തു.**
- **ബ്രിക്സ് വനിതാ മന്ത്രി തല യോഗത്തിന് കൊച്ചിയിൽ ഇന്ന് തുടക്കം.**
- **ഫിഫ ലോകകപ്പ് ഫുട്ബോളിൽ അർജന്റീനയും ബെൽജിയവും സ്വിറ്റ്സർലാന്റും ക്വാർട്ടർ ഫൈനലിൽ.**

## വാർത്തകൾ വിശദമായി

വയനാട്ടിൽ മണ്ണിടിച്ചിൽ ദുരന്തം ഉണ്ടായ കള്ളാടിയിൽ രക്ഷാപ്രവർത്തനം തുടരുന്നു. മുഖ്യമന്ത്രി VD സതീശൻ ദുരന്ത മേഖലയിൽ ഇന്ന് സന്ദർശനത്തിനെത്തും. തിരുവനന്തപുരത്തു നിന്നും ഹെലികോപ്റ്ററിൽ രാവിലെ 11:30 യോടെയാണ് മുഖ്യമന്ത്രി എത്തുക.

✪✪✪

വയനാട് തുരങ്കപാത നിർമ്മാണ മേഖലയായ കള്ളാടി മീനാക്ഷിപാലത്തിന് സമീപമുണ്ടായ മണ്ണിടിച്ചിൽ മരിച്ച മൂന്ന് പേരുടെയും പോസ്റ്റുമോർട്ടം പൂർത്തിയായതായി മന്ത്രി K.മുരളീധരൻ അറിയിച്ചു. മണ്ണിനടയിൽ നിന്ന് മൂന്ന് പുരുഷൻമാരുടെ മൃതദേഹമാണ് ലഭിച്ചത്. മദ്ധ്യപ്രദേശ് സ്വദേശി ചന്ദ്ര ബാൻ, ബീഹാറുകാരനായ ബികാഷ് കുമാർ, ജാർഖണ്ഡിലെ അൻമോൽ എന്നീ അതിഥി തൊഴിലാളികളാണ് മരിച്ചത്.

വൈത്തിരി താലൂക്ക് ആശുപത്രിയിലായിരുന്നു പോസ്റ്റുമോർട്ടം. ബത്തേരി താലൂക്ക് ആശുപത്രിയിൽ നിന്ന് പൊലീസ് സർജനെ അടിയന്തരമായി വൈത്തിരിയിലേക്ക് എത്തിച്ചാണ് പോസ്റ്റുമോർട്ടം നടപടികൾ വേഗത്തിലാക്കിയത്. കാണാതായ അഞ്ചുപേർക്കായി തിരച്ചിൽ ഇന്നും തുടരും.

മേപ്പാടി വിംസ് ആശുപത്രിയിൽ പ്രവേശിപ്പിച്ചിരുന്ന ഒൻപത് പേരിൽ രണ്ടു പേരെ ഡിസ്ചാർജ്ജ് ചെയ്തു. ചികിത്സയിൽ കഴിയുന്ന ഏഴു പേരിൽ ഒരാൾ മലയാളിയാണ്. സൈറ്റ് എൻജിനീയറായ ഇദ്ദേഹം എറണാകുളം സ്വദേശിയാണ്. പരിക്ക് ഗുരുതരമല്ല. ഗുരുതരമായി പരിക്കേറ്റ രണ്ടു പേർ ICU-വിലാണ്. മേപ്പാടി സാമൂഹ്യാരോഗ്യ കേന്ദ്രത്തിൽ കൺട്രോൾ റൂം തുറന്നതായും മന്ത്രി മുരളീധരൻ അറിയിച്ചു. മന്ത്രിമാർ KP അനിൽകുമാർ T സിദ്ധിഖ് തുടങ്ങിയവർ പ്രദേശത്ത് രക്ഷാപ്രവർത്തനത്ത് നേതൃത്വം നൽകുന്നുണ്ട്.

✪✪✪

വയനാട്ടിൽ മണ്ണിടിഞ്ഞ് കുടുങ്ങിക്കിടക്കുന്നവരെ രക്ഷിക്കാൻ എല്ലാ ശ്രമങ്ങളും പുരോഗമിക്കുന്നുണ്ടെന്ന് പ്രിയങ്ക ഗാന്ധി MP അറിയിച്ചു. മുഖ്യമന്ത്രി VD സതീശൻ ദുരിതാശ്വാസ പ്രവർത്തനങ്ങൾ നേരിട്ട് നിരീക്ഷിക്കുന്നുണ്ടെന്നും പോലീസും NDRF ഉം മന്ത്രിമാരരും രക്ഷാപ്രവർത്തന ദൗത്യങ്ങൾ ഏകോപിപ്പിക്കുന്നുണ്ടെന്നും MP വ്യക്തമാക്കി.

ഭരണകൂടത്തിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായി പാലിച്ച് സാധ്യമായ എല്ലാ പിന്തുണയും നൽകണമെന്ന് പ്രിയങ്ക പാർട്ടി പ്രവർത്തകരോടും പൊതുജനങ്ങളോടും അഭ്യർത്ഥിച്ചു.

✪✪✪

കനത്ത മഴയിൽ വയനാട് കള്ളാടിയിൽ ഉണ്ടായ മണ്ണിടിച്ചലിൽ ദുരന്ത വാർത്ത വേദനാജനകവും ദാരുണവുമാണെന്ന് MK രാഘവൻ MP പറഞ്ഞു.

മണ്ണും അവശിഷ്ടങ്ങളും ശാസ്ത്രീയമല്ലാത്ത രീതിയിൽ കുന്നുകൂട്ടിയതാണ് ദുരന്തത്തിന് വഴിവെച്ചതെന്ന പ്രാഥമിക വിവരങ്ങൾ കടുത്ത ആശങ്ക ഉണ്ടാക്കുന്നതാണെന്ന് അദ്ദേഹം അറിയിച്ചു. അധികൃതർ മുൻകൂട്ടി മുന്നറിയിപ്പ് നൽകിയിട്ടും അത് പാലിക്കാതിരുന്ന കരാർ കമ്പനിയുടെ ഭാഗത്തുനിന്നുണ്ടായ

ഗുരുതര വീഴ്ചയെക്കുറിച്ച് നിഷ്പക്ഷമായ അന്വേഷണം നടത്തണമെന്ന് MK രാഘവൻ ആവശ്യപ്പെട്ടു.

✪✪✪

ആനക്കാംപൊയിൽ-കള്ളാടി-മേപ്പാടി തുരങ്കപാത നിർമാണത്തിനിടെയുണ്ടായ അപകടം അതീവദു:ഖകരമെന്ന് പദ്ധതി കരാർ കമ്പനിയായ ദിലീപ് ബിൽഡ്കോൺ ലിമിറ്റഡ് അറിയിച്ചു. ദുരന്തത്തിന്റെ ഇരകളെയും അവരുടെ കുടുംബാംഗങ്ങളെയും ചേർത്തുപിടിക്കുമെന്ന് കമ്പനി അയച്ച കത്തിൽ അറിയിച്ചു.

പ്രദേശത്ത് തുടർന്നുകൊണ്ടിരിക്കുന്ന രക്ഷാ പ്രവർത്തനങ്ങൾക്കും ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കും പൂർണ പിന്തുണ നൽകുന്നതിനാണ് പ്രഥമ പരിഗണനയെന്നും കമ്പനി സെക്രട്ടറി വ്യക്തമാക്കി. സംഭവത്തിൽ ഏത് അന്വേഷണവുമായി പൂർണ്ണമായി സഹകരിക്കാൻ കമ്പനി പ്രതിജ്ഞാബദ്ധരാണെന്നും സെക്രട്ടറി അറിയിച്ചു.

✪✪✪

വയനാട് മേപ്പാടി മേഖലയിൽ പെയ്ത കനത്ത മഴയ്ക്കും കള്ളാടി പ്രദേശത്തെ മണ്ണിടിച്ചിലിനും പിന്നാലെ ചാലിയാർ പുഴയിൽ ജലനിരപ്പുയർന്നു. മഴ തുടരുന്നതിനാൽ ചാലിയാർ തീരവാസികൾക്ക് ജാഗ്രതാ നിർദേശം നൽകി. തീവ്ര മഴ സാധ്യത കണക്കിലെടുത്ത് നാടുകാണി ചുരത്തിലൂടെ യാത്ര ചെയ്യുന്നവർക്കും ജാഗ്രതാ നിർദേശമുണ്ട്.

✪✪✪

കനത്ത മഴയും, വെള്ളക്കെട്ടും, മണ്ണിടിച്ചിലും കണക്കിലെടുത്ത് കോഴിക്കോട്, വയനാട് ജില്ലകളിലെ റസിഡൻഷ്യൽ സ്കൂളുകൾ ഒഴികെ മുഴുവൻ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും കലക്ടർമാർ അവധി നൽകി. ജില്ലകളിലെ അങ്കണവാടികൾക്കും അവധി ബാധകമാണ്.

സർവകലാശാല പരീക്ഷകൾ, PSC പരീക്ഷകൾ എന്നിവയ്ക്ക് മാറ്റമില്ല.

✪✪✪

സംസ്ഥാനത്ത് ഇന്നും ശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ഇന്ന് തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ഒഴികെ ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്.

കേരള- കർണാടക- ലക്ഷദ്വീപ് തീരങ്ങളിൽ ഇന്നും നാളെയും 60 കിലോമീറ്റർ വരെ വേഗത്തിൽ കാറ്റിന് സാധ്യതയുണ്ടെന്നും മീൻ പിടുത്തക്കാർ കടലിൽ പോകരുതെന്നും കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി.

✪✪✪

ഇന്ത്യ-ഇന്തോനേഷ്യ തന്ത്രപ്രധാന പങ്കാളിത്തം കൂടുതൽ ശക്തമാക്കാൻ പ്രധാനമന്ത്രി നരേന്ദ്ര മോദി ആഹ്വാനം ചെയ്തു. ഇരു രാജ്യങ്ങളുടെയും അഭിവൃദ്ധിക്കു പുറമെ, പ്രാദേശിക, ആഗോള സമാധാനത്തിനും സ്ഥിരതയ്ക്കും സഹകരണം സംഭാവന ചെയ്യുമെന്നും പ്രധാനമന്ത്രി പറഞ്ഞു. ജക്കാർത്തയിൽ ഇന്തോനേഷ്യൻ പാർലമെന്റിനെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ഇന്തോനേഷ്യൻ പാർലമെന്റിനെ അഭിസംബോധന ചെയ്യുന്ന ആദ്യ ഇന്ത്യൻ പ്രധാനമന്ത്രിയാണ് നരേന്ദ്ര മോദി.

ഇന്ത്യയും ഇന്തോനേഷ്യയും തമ്മിലെ ബന്ധം നൂറ്റാണ്ടുകൾ പഴക്കമേറിയതാണെന്നും സമാനമായ ജനാധിപത്യ മൂല്യങ്ങൾ, പരസ്പര വിശ്വാസം, ഭാവിയിലേക്ക് പൊതുവീക്ഷണം എന്നിവ പങ്കിടുന്നുവെന്നും നരേന്ദ്രമോദി പറഞ്ഞു.

ന്യൂസ് ഡെസ്ക്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ....

(വോയ്സ്)....

ഭീകരതയ്ക്കെതിരെയും പ്രാദേശിക സുരക്ഷയെ ദുർബലപ്പെടുത്തുന്ന ഏകപക്ഷീയമായ നടപടികൾക്കെതിരെയും കൂട്ടായ പ്രവർത്തനത്തിന്റെയും ആവശ്യകത പ്രധാനമന്ത്രി നരേന്ദ്രമോദി എടുത്തു പറഞ്ഞു. വികസനം, സമാധാനം, സ്ഥിരത, സമൃദ്ധി എന്നീ തത്വത്തിലാണ് ഇന്ത്യ വിശ്വസിക്കുന്നത്. രാജ്യരക്ഷ, സമുദ്ര സുരക്ഷ, വ്യാപാരം, ഡിജിറ്റൽ സാങ്കേതികവിദ്യ, വിദ്യാഭ്യാസം, കൃത്രിമ ബുദ്ധി, നിർണായക ധാതുക്കൾ എന്നിവയിൽ ഇരുരാജ്യങ്ങളും കൂടുതൽ സഹകരണം ഉറപ്പുവരുത്തണമെന്നും പ്രധാനമന്ത്രി നിർദേശിച്ചു. രണ്ടു രാജ്യങ്ങളിലെയും ജനങ്ങൾക്ക് പ്രയോജനപ്പെടുന്നതിന് UPI, നിർമിത ബുദ്ധി, വിദ്യാഭ്യാസം, സ്റ്റാർട്ടപ്പുകൾ, നവീകരണം എന്നിവയുൾപ്പെടെ ഡിജിറ്റൽ പൊതു അടിസ്ഥാന സൗകര്യങ്ങളിൽ സഹകരണം വികസിപ്പിക്കുന്നതിന്റെ ആവശ്യകതയും അദ്ദേഹം വ്യക്തമാക്കി.

ഗ്രേറ്റ് നിക്കോബാർ മുതൽ മലാക്ക കടലിടുക്ക് വരെ വ്യാപിച്ചുകിടക്കുന്ന സൈബർ സുരക്ഷ, സമുദ്ര സുരക്ഷ എന്നിവയിൽ കൂടുതൽ സഹകരണം ആവശ്യമാണ്. ഗംഗാ മഹാകുംഭ് പോലെ ഇന്ത്യയുടെ സാംസ്കാരിക ധാർമികതയെ പ്രതിഫലിപ്പിക്കുകയും ഉഭയകക്ഷി ഇടപെടൽ കൂടുതൽ ആഴത്തിലാക്കാൻ അവസരം നൽകുമെന്നും പ്രധാനമന്ത്രി പറഞ്ഞു. ഇന്ത്യ-ഇന്തോനേഷ്യ ബന്ധത്തിന്റെ പുതിയ അധ്യായമായി സഹകരണത്തെ വിശേഷിപ്പിച്ച പ്രധാനമന്ത്രി ഇരുരാജ്യങ്ങളുടെയും സൗഹൃദം ഇന്തോ-പെസഫിക് മേഖലയിലുടനീളം സമാധാനത്തിനും പുരോഗതിക്കും കാരണമാകുമെന്നും പ്രത്യാശ പ്രകടിപ്പിച്ചു.

✪✪✪

രണ്ടു ദിവസത്തെ ബ്രിക്സ് വനിതാ പ്രവർത്തക സമിതി യോഗത്തിന് ശേഷം കൊച്ചിയിൽ ഇന്ന് വനിതാ മന്ത്രി തല യോഗം ആരംഭിക്കും. ഇന്നും നാളെയുമായി ഹോട്ടൽ ഗ്രാൻഡ് ഹയാത്തിൽ ആണ് പരിപാടി. കേന്ദ്ര വനിതാ ശിശുവികസന മന്ത്രി അന്ന പൂർണ ദേവി, മന്ത്രി ബിന്ദു കൃഷ്ണ തുടങ്ങിയവർ യോഗത്തിൽ പങ്കെടുക്കും. ഇന്ന് സംയുക്ത പ്രഖ്യാപനത്തിന്റെ കരട് രൂപത്തിന്മേൽ വിവിധ രാജ്യങ്ങളിലെ മന്ത്രിമാർ ചർച്ച നടത്തും. സമ്മേളന സമാപന ദിവസമായ നാളെ 'സംയുക്ത വനിതാ മന്ത്രിതല പ്രമേയത്തിന്റെ കരട്' അവതരിപ്പിക്കും.

✪✪✪

എൽനിനോ പ്രതിഭാസത്തിന്റെ ഭാഗമായി ഉണ്ടാകാവുന്ന ആഘാതവും തയ്യറെടുപ്പു നടപടികളും ചർച്ച ചെയ്യാൻ പ്രധാനമന്ത്രിയുടെ ഓഫീസിൽ ഉന്നതതല യോഗം ചേർന്നു. പ്രധാനമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറി പി.കെ മിശ്രയുടെ അദ്ധ്യക്ഷതയിലാണ് യോഗം ചേർന്നത്.

✪✪✪

ഫിഫ ലോകകപ്പ് ഫുട്ബോളിൽ അർജന്റീന ക്വാർട്ടർ ഫൈനലിൽ പ്രവേശിച്ചു. ഇന്നലെ രാത്രി അറ്റ്ലാന്റയിൽ ഈജിപ്തിനെ രണ്ടിനെതിരെ മൂന്നു ഗോളിന് പരാജയപ്പെടുത്തിയാണ് അർജന്റീന ക്വാർട്ടറിൽ സ്ഥാനമുറപ്പിച്ചത്.

നേരത്തെ, സിയാറ്റിലിൽ മറ്റൊരു മത്സരത്തിൽ ബെൽജിയം അമേരിക്കയെ പരാജയപ്പെടുത്തി. ഒന്നിനെതിരെ നാലു ഗോൾ നേടിയാണ് ബെൽജിയം ക്വാർട്ടറിലെത്തിയത്.

വാൻകൂവറിൽ കൊളംബിയയെ തോൽപ്പിച്ച് സ്വിറ്റ്സർലാന്റും ക്വാർട്ടറിലെത്തി. നിശ്ചിത സമയത്തും അധികസമയത്തും ഗോൾരഹിത മത്സരത്തിനൊടുവിൽ പെനാൽറ്റി ഷൂട്ടൗട്ടിൽ 4-3 എന്ന സ്കോറിലായിരുന്നു സ്വിറ്റ്സർലാന്റിന്റെ ജയം.

വിശദാംശങ്ങളുമായി സുരേഷ് എടപ്പാൾ.....

(വോയ്സ്)....

✪✪✪

ഇന്ത്യ-ഇംഗ്ലണ്ട് T-20 പുരുഷ ക്രിക്കറ്റ് അഞ്ചു മത്സര പരമ്പരയിലെ മൂന്നാം മത്സരത്തിൽ ഇന്ത്യക്ക് തോൽവി. നോട്ടിങ്ഹാമിലെ ട്രെന്റ് ബ്രിഡ്ജ് സ്റ്റേഡിയത്തിൽ 125 റൺസിനാണ് ഇംഗ്ലണ്ട് ഇന്ത്യയെ പരാജയപ്പെടുത്തിയത്.

ഇംഗ്ലണ്ട് ഉയർത്തിയ 202 റൺസ് വിജയലക്ഷ്യം പിന്തുടർന്ന ഇന്ത്യ 11.4 ഓവറിൽ 76 റൺസിന് പുറത്തായി.

✪✪✪

സ്ത്രീകളുടെ സൗജന്യ യാത്ര ഗവൺമെന്റിന്റെ നയമാണെന്നും ഇതിൽ പാവപ്പെട്ട സ്ത്രീയെന്നോ വൃദ്ധയായ സ്ത്രീയെന്നോ വ്യത്യാസമില്ലെന്നും മന്ത്രി സി.പി ജോൺ കാസർകോട്ട് പറഞ്ഞു. പ്രിയദർശിനി ബസ് സർവീസുമായി ബന്ധപ്പെട്ട് സ്വകാര്യ ബസുകൾക്ക് ഉണ്ടാകുന്ന പ്രശ്നം പഠിച്ചു പരിഹരിക്കുമെന്ന് അദ്ദേഹം അറിയിച്ചു. സ്വകാര്യ ബസ്സും KSRTC ബസ്സും ഒരുമിച്ചു ഓടുന്ന റൂട്ടുകളിൽ മാത്രമേ പ്രശ്നമുള്ളൂ എന്നും സിപി ജോൺ പറഞ്ഞു.

ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മറ്റിപോലെ ട്രാൻസ്പോർട്ട് മാനേജ്മെന്റ് കമ്മിറ്റി എല്ലാ ഡിപ്പോകളിലും രൂപീകരിക്കുമെന്നും മന്ത്രി മാധ്യമങ്ങളോട് പറഞ്ഞു.

✪✪✪

പട്ടികവർഗ വികസന വകുപ്പിന് കീഴിൽ ഏറ്റുമാനൂരിൽ പ്രവർത്തിക്കുന്ന മോഡൽ റസിഡൻഷ്യൽ ഗേൾസ് സ്കൂളിൽ മന്ത്രി KA തുളസി മിന്നൽ പരിശോധന നടത്തി. ഇന്നലെ രാത്രി ഏഴരയോടെയായിരുന്നു മന്ത്രിയുടെ അപ്രതീക്ഷിത സന്ദർശനം.

✪✪✪

*News Editor & News Reader: വി കെ സുരേഷ്*
*News Team: ഫസ്ന ഫാത്തിമ, നിമിഷ ജി*
*DEO: സി കെ സുബോധ്*